# ഇതൊന്നു നേരേയാക്കണെ

സി. ജെ. തോമസ്



ഇതൊന്നു നേരേയാക്കണേ
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: God as Architect

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഇതൊന്നു നേരേയാക്കണേ

പ്രിയപ്പെട്ട ഈശ്വരാ,

'അങ്ങേയ്ക്കു മലയാളം അറിയാമോ?' എന്നെനിക്ക് അറിഞ്ഞുകൂടാ. ഈ ഭാഷയിലെ വാക്കിന്റെ ദാരിദ്ര്യവും അക്ഷരങ്ങളുടെ ആകൃതിയും കണ്ടാൽ ബുദ്ധിയുള്ള ഒരു ദൈവവും അതുപഠിക്കുമെന്നു തോന്നുന്നില്ല. പക്ഷേ, എനിക്ക് മറ്റൊരു ഭാഷയും നന്നായി വശമില്ലാത്തതുകൊണ്ടും അങ്ങയുടെ മാലാഖമാർ പ്രത്യക്ഷപ്പെടുമ്പോൾ മലയാളത്തിൽ പാട്ടുപാടാറുണ്ടെന്നു കേട്ടിട്ടുള്ളതുകൊണ്ടും ഞാനിതു മലയാളത്തിൽതന്നെ എഴുതുകയാണ്. ഞാനൊരു നസ്രാണിയായിട്ടും ഈശ്വരാ എന്നു സംബോധനചെയ്തതും ക്ഷമിക്കണം. ഇവിടെയിപ്പോൾ ഹിന്ദുമഹാമണ്ഡലത്തിനാണു പ്രാമാണ്യം.

ഞാനൊരു പാവപ്പെട്ട മനുഷ്യനാണ്. അങ്ങയെ അതിപ്രധാനമായ പല കാര്യങ്ങളും അറിയിക്കേണ്ടതായിട്ടുണ്ട്. പക്ഷേ, അങ്ങയുടെ മഹാപുരോഹിതന്മാരും കാണപ്പെട്ട ദൈവങ്ങളും ഞങ്ങളുടെ യജമാനന്മാരും അതൊന്നും അങ്ങോട്ടെഴുതി അറിയിക്കാത്തതുകൊണ്ട് ഞാൻ തന്നെ എഴുതുകയാണ്. ഈ ഭൂമിയൊക്കെ അങ്ങുപടച്ചതാണെന്നാണ് ചെറുപ്പത്തിൽ മുതലേ ഞാൻ പഠിച്ചിട്ടുള്ളത്. അതു ശരിയാണെങ്കിൽ കാര്യമാകെ കുഴപ്പമായിട്ടുണ്ടെന്നാണ് എനിക്കറിയിക്കാനുള്ളത്. ഇവിടെ കൊതുകിനെക്കൊണ്ടു പൊറുതിമുട്ടി. അവിടുന്ന് അവയേയും ഞങ്ങളേയും ഒരുമിച്ചു സൃഷ്ടിക്കേണ്ടായിരുന്നു എന്നു തോന്നുന്നു. പിന്നെ, കൊറിയായിലാണെങ്കിലൊരു യുദ്ധം. അവിടെ കൊറിയാക്കാരെല്ലാം സ്വന്തരാജ്യത്തിനെതിരായിട്ടാണു യുദ്ധം ചെയ്യുന്നത്. കൊറിയയെ കൊറിയാക്കാരിൽ നിന്നു രക്ഷിക്കാൻ അമേരിക്ക മാത്രമേ യുദ്ധംചെയ്യാനുള്ളൂ. യുദ്ധം വരാൻ പോകുന്നു എന്നു പറഞ്ഞു, ഇവിടെ കൊഞ്ചിനും മത്തങ്ങായ്ക്കും വില കൂട്ടിയിരിക്കയാണ്. ഇതിനെല്ലാറ്റിനും പുറമെ മഴയാണെങ്കിൽ തോരാതെ, ഈ ബഹളത്തിനിടയ്ക്ക് എങ്ങനെയാണ് ജീവിക്കുന്നതെന്നാലോചിച്ചപ്പോൾ തോന്നിയതാണ് അങ്ങേക്കൊരു ഹർജി എഴുതിക്കളയാമെന്ന്. ഞങ്ങൾക്കിവിടെ എന്തിനെങ്കിലും ശുണ്ഠിവന്നാൽ ഉടനെ പത്രാധിപർക്ക് ഒരു കത്തെഴുതുന്ന പതിവുണ്ട്. അങ്ങും ഇതിന്റെയൊക്കെ മാനേജിംഗ് എഡിറ്ററാണല്ലോ. ഇതൊക്കെ ഒന്നു ശരിയാക്കിത്തരണം. എന്നുവെച്ചാൽ അങ്ങു പണ്ടെല്ലാം ഇടയ്ക്കിടയ്ക്ക് ഇങ്ങോട്ടുവരാറുണ്ടായിരുന്നു. രണ്ടുരണ്ടായിരം കൊല്ലമായിട്ട് അതും നടക്കുന്നില്ല. വന്നാൽ പിടിച്ചു കുരിശിൽ തൂക്കിക്കളയുമെന്നു പേടിച്ചായിരിക്കാം. അതൊക്കെ ഞങ്ങൾ പറ്റിക്കും. സോക്രട്ടീസിനേയും ലിങ്കണേയും ഗാന്ധിയേയും ഒക്കെ ഞങ്ങൾ ശരിയാക്കി. അതിൽ ഞങ്ങളെ കുറ്റപ്പെടുത്തേണ്ട. അവരൊക്കെ ഞങ്ങളെ ചീത്ത പറഞ്ഞവരാണ്. ഞങ്ങൾക്കു ചെയ്യാൻ മനസ്സില്ലാകാത്തതു ചെയ്യണമെന്നു നിർബന്ധിക്കുകയും ചെയ്തു. അത്തരം വേഷത്തിൽ വന്നാൽ ഇനിയും ഞങ്ങൾ കല്ലെറിയും. ഞങ്ങൾക്ക് അത്ഭുതം കാണിക്കുന്ന ഒരു ദൈവത്തിനെയാണാവശ്യം. കൺകെട്ടുവിദ്യ പഠിക്കാതെ ഇങ്ങോട്ടുപോരേണ്ട ആവശ്യമില്ല. വന്നാൽതന്നെ സൂര്യനെ ചവിട്ടിക്കുഴക്കുകയും, സ്വർണ്ണപാമ്പായി അമ്പലത്തിൽ കയറിക്കൂടുകയും ചെയ്താൽ പോരാ. ഞങ്ങൾക്കുവേണ്ടതു റേഷനാണ്. ഈ യുദ്ധമെന്നു പറയുന്ന രോഗവും മാറിക്കിട്ടിയാൽ കൊള്ളാം. പിന്നെ ഈ മലയാളസിനിമയും ഒന്നു രണ്ടെണ്ണം കൊറിയയിലേയ്ക്കയക്കാൻ ഏർപ്പാടുചെയ്യണം. ആ വഴക്കാളികൾ ഒന്നു മര്യാദ പഠിക്കട്ടെ.

ഈ എഴുത്തിൽ കാര്യങ്ങളെല്ലാം ഒരു ചിട്ടയുമില്ലാതെ പറഞ്ഞിരിക്കയാണെന്ന് അങ്ങേക്കു തോന്നിയേക്കാം. പക്ഷേ, അതിനു പരിഹാരമില്ല. ഞങ്ങളാരും ബുദ്ധി ഉപയോഗിക്കരുത് എന്നാണല്ലോ ഉത്തരവായിട്ടുള്ളത്. ഞങ്ങളത് അക്ഷരംപ്രതി അനുഷ്ഠിച്ചുവരികയാണ്. വല്ലപ്പോഴും അതു ലംഘിച്ചാൽ തന്നെ കമ്മ്യൂണിസ്റ്റുകാർ ഞങ്ങളെ ശിക്ഷിക്കും. ചിന്തിക്കുന്നതിന്റെ കാര്യത്തിൽ അവരും അങ്ങയുടെ സോൾ ഏജന്റുമാരും ഒരേ അഭിപ്രായക്കാരാണ്.

ഇവിടെ ഓണക്കാലമാണ്. എന്നുവെച്ചാൽ, ഞങ്ങൾ സഖാവു മഹാബലിയെ കുരിശിൽ തൂക്കിയതിന്റെ ഓർമ്മയ്ക്കായിട്ട് നടത്തുന്ന പെരുന്നാളാണ്. അങ്ങയുടെ ഒരു പോക്കറ്റ് എഡിഷനാണ് സഖാവ് മഹാബലിയെ ചവിട്ടിത്താഴ്ത്തിയതെന്നു കേട്ടിട്ടുണ്ട്. അതു വളരെനന്നായിപ്പോയി. സഖാവില്ലെങ്കിലും ഞങ്ങൾക്ക് ഓണത്തിനു പഞ്ഞമില്ല. സഖാക്കളുടെ നാട്ടിൽ അരിയൊരുപാടുണ്ടെന്നാണവർ പറയുന്നത്. പക്ഷേ, അവിടെ ഓണമില്ലെന്നു ഞങ്ങൾക്കു രഹസ്യമായറിവുണ്ട്. ഇവിടെ ഞങ്ങൾക്ക് താണുമാലയന്റെ പഞ്ചസാര മുതൽ പറക്കുന്ന അരിവരെയുള്ള സകലതുമുണ്ട്. പൂവിടിൽമാത്രം ഇക്കൊല്ലം അൽപ്പം കഷ്ടിയാണ്. അതിനു കാരണമുണ്ട്. പൂവുള്ള മരമൊക്കെ വെട്ടി ഞങ്ങൾ വനമഹോത്സവം നടത്തി. ഓണത്തിനു വള്ളംകളിയും ഏർപ്പാട് ചെയ്തിട്ടുണ്ട്. താഴത്തങ്ങാടി ആറ്റിലാണ്. അഞ്ചാനയും ഏഴുമന്ത്രിയും പതിനൊന്നു ചുണ്ടൻവള്ളവും ഉണ്ടായിരിക്കുമെന്നാണു പ്രതീക്ഷ. കോളേജിലെ പെൺപിള്ളേരും വള്ളംകളിക്കാൻ വരുമെന്നു പ്രതീക്ഷയുള്ളതുകൊണ്ട് ആൺപിള്ളേർ കാണാൻ വരുമെന്നും തീർച്ചയാണ്. ആകെക്കൂടി പറഞ്ഞാൽ അവിടെ ഒരു പഞ്ചസാര വിതരണസ്ഥലത്തെ ആൾപ്പെരുപ്പം കാണും. വേണമെങ്കിൽ ഒരത്ഭുതം കാണിക്കാൻ നല്ലൊരവസരമാണ്. അങ്ങയുടെ മാർക്കറ്റ് അൽപ്പം ഇടിഞ്ഞാണിരിക്കുന്നതെന്ന് ഇതിനിടയിലൊന്ന് ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ. അത് അങ്ങനെ പരിഹരിക്കാം.

ജോലിത്തിരക്കാണെന്നുവെച്ച് ഈ എഴുത്ത് ശ്രദ്ധിച്ചുവായിക്കാതിരിക്കരുത്. സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയുമൊക്കെ ഐൻസ്റ്റീൻ എന്നു പേരായ ആ യൂദന് പാട്ടത്തിനു കൊടുത്തേക്കുക. അങ്ങ് ഞങ്ങളുടെ ഈ ഗോളത്തെപ്പറ്റിതന്നെ ചിന്തിക്കണം. അതിലങ്ങേയ്ക്ക് പ്രത്യേകം ചുമതലയുണ്ടല്ലോ. അങ്ങയുടെ രൂപത്തിലാണ് ഞങ്ങളെ സൃഷ്ടിച്ചിരിക്കുന്നത് എന്നു പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. കോളേജിൽ പോകുന്ന ചില പെൺകുട്ടികളുടെ കോലം കാണുമ്പോൾ എനിക്കാക്കാര്യം വിശ്വസിക്കാൻ തോന്നുന്നില്ല. എങ്കിലും, ഞങ്ങൾക്കു മറ്റാരുടെ അടുത്തും പോകാനില്ലാത്തതുകൊണ്ടു പറയുകയാണ്, അങ്ങു ഞങ്ങളെ രക്ഷിക്കണമെന്ന്. ഇവിടെ ചിലരൊക്കെ പറയുന്നുണ്ട് അങ്ങ് വലിയ വലിയ ഒരു ഹെഡ് കോൺസ്റ്റബിളാണെന്ന്. ചിലർ പറയുന്നത് അങ്ങേയ്ക്കു യാതൊരു കരുണയുമില്ലെന്നാണ്. പണ്ടു വോൾട്ടയർ എന്നൊരു ഫ്രഞ്ചുകാരൻ പറഞ്ഞു, മനുഷ്യരാണ് അങ്ങയെ സൃഷ്ടിച്ചതെന്ന്, ടാഗോർ എന്നൊരു താടിക്കാരൻ പറയുന്നത് അങ്ങു സത്യവാനാണെന്നാണ്. ഇതിലേതാണു ശരി എന്നെനിക്കു നിശ്ചയമില്ല. നിശ്ചയമുള്ള കാര്യങ്ങൾ മാത്രം പറയാം.

1. എനിക്കു വിശക്കുന്നു, ലോകത്തിലുള്ള ഭൂരിപക്ഷം ജനങ്ങൾക്കും.
2. കമ്മ്യൂണിസ്റ്റുകാരെയും പോലീസുകാരെയും കോളേജുപിള്ളേരെയും കോൺഗ്രസ്സുകാരേയും പേടിച്ചിട്ടു വഴിയിൽക്കൂടെ നടന്നുകൂടാ.
3. യുദ്ധം വരാൻ സകല കപ്പേളയിലും മെഴുകുതിരി കത്തിക്കുന്ന ആളുകൾ ഇവിടെ വളരെയുണ്ട്. യുദ്ധമെന്നു പറഞ്ഞാൽ അമേരിക്കക്കാരുടേയും വായിൽ വെള്ളമൂറും.
4. മലയാളദിനപത്രങ്ങൾ എല്ലാം എഡിറ്റ് ചെയ്യുന്നത് കമ്പോസിറ്ററന്മാരാണ്.
5. ഇവിടെ ഒട്ടനവധി പേർക്കു ഭ്രാന്തുണ്ട്.

ഇതിലൊന്നാമത്തെ കാര്യത്തിന് ഒരു പ്രതിവിധി ഉണ്ടാക്കണം. ഹോട്ടലിലെ ഊണിന്റെ വില കുറയ്ക്കാനും മറ്റും അങ്ങും പരിശ്രമിക്കേണ്ട. അതു കുഴപ്പമാണ്. ഹോട്ടലുടമസ്ഥന്മാർ പിണങ്ങും. ഈ വിശപ്പെന്നു പറയുന്നതുതന്നെ അങ്ങു നിറുത്തിയേച്ചാൽ മതി. രണ്ടാമത്തേ കാര്യമാണ് കൂടുതൽ കുഴപ്പം. അവരെയെല്ലാവരേയും അങ്ങു സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയ്ക്കൊള്ളുക. അതു കഴിയില്ലെങ്കിൽ മനുഷ്യരെയൊക്കെ ചന്ദ്രനിലേക്കു മാറ്റിത്താമസിപ്പിക്കുക. മൂന്നാമത്തെ കാര്യത്തിനു ചോദിച്ചതു തരിക മാത്രമേ വഴിയുള്ളൂ. കഴിയുന്നത്ര വേഗം ഒരു പത്തഞ്ഞൂറ് ആറ്റംബോംബ് കൊണ്ടുവന്നിടണം. കുറെ ആസ്ത്രേലിയൻ പട്ടാളക്കാരെ ഇവിടത്തെ പെണ്ണുങ്ങളുടെ നേരെ അഴിച്ചുവിടുകയും വേണം. യുദ്ധമെന്നു കേട്ടാൽ ഞങ്ങൾക്കിന്നൊരുത്സവമാണ്. നടക്കുന്നതു വല്ലനാട്ടിലുമാണല്ലോ. ഞങ്ങൾക്ക് പഞ്ചസാര വിൽക്കാം, തേങ്ങയ്ക്കുവില കൂട്ടാം, പെട്രോൾ കൂപ്പൺ കച്ചവടം ചെയ്യാം, യുദ്ധഫണ്ടിനു പണവും പിരിക്കാം, പക്ഷേ, ഇപ്രാവശ്യം ഞങ്ങളുടെ നാട്ടിനും കുറെയധികം കൈയും കാലും പോയവരെ ഉണ്ടാക്കിത്തരണം. കുറെയധികം വീടുകൾ തീ പിടിക്കണം. അതെല്ലാം കഴിഞ്ഞാൽ മെഴുകുതിരി കത്തിക്കൽ ഞങ്ങൾ തന്നെ നിർത്തിക്കൊള്ളാം. നാലാമതായി, ഞങ്ങളുടെ കമ്പോസിറ്ററന്മാരെ പത്രാധിപന്മാരാക്കാൻ കഴിഞ്ഞില്ലെങ്കിലും വേണ്ടില്ല, ഞങ്ങളുടെ പത്രാധിപന്മാരെ കമ്പോസിറ്ററന്മാരായി നിയമിച്ചുത്തരവുണ്ടാകണം. അവസാനം പറഞ്ഞകാര്യത്തിന് മറ്റൊന്നും വേണ്ട, ഭ്രാന്തെല്ലാം കിറുക്കാക്കി മാറ്റിത്തന്നാൽ മതി. കിറുക്കന്മാരില്ലെങ്കിൽ ഈ ലോകം മുമ്പോട്ടുപോകാൻ വളരെ വിഷമിക്കും.

ഞാൻ നിർത്തുകയാണ്. കത്തു നീണ്ടുപോകുന്നു. ഇതെല്ലാം ശ്രദ്ധയോടെ വായിച്ചുനോക്കി ചെയ്യാൻ മനസ്സുള്ളത് ഉടനെ ചെയ്തുതരിക. ഇവിടെയെല്ലാം പേർക്കും സുഖമാണ്. അവിടെയും അങ്ങനെതന്നെയെന്നു വിശ്വസിക്കുന്നു. ശേഷം കാഴ്ചയിൽ.

എന്ന് സ്വന്തം,

സംശയക്കാരനായ ശിഷ്യൻ.

പി. എസ്.: അങ്ങ് ഉണ്ടെന്നുതന്നെ എനിക്കു വിശ്വാസമില്ല. ഉണ്ടെന്നൊരുപദേശി എന്നോടു പറഞ്ഞതാണ്. അതുകൊണ്ടാണ് എഴുത്ത് അഞ്ചലിൽ അയക്കാതെ അയാളുടെ കൈയിൽതന്നെ കൊടുത്തയക്കുന്നതും.

കേരളഭൂഷണം വിശേഷാൽപ്രതി 1950.

# സി. ജെ. തോമസ്



മലയാള നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെട്ടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author …*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതികമുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014